# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/ബി.പി (550)/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ,എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം/ബി.പി (550)/2022 തീയ്യതി: 03/07/2022

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 24-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഹരീഷ് ബാബു എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കവിത എസ്. കണ്ണൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ
വിജു എം. എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ. , സീനിയർ ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയ സോമൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| രാജു പി നായർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 01-04-2020 | 30-12-2020 |
| സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-12-2020 | 21-01-2021 |
| ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 22-01-2021 | 03-02-2021 |
| സതി കെ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സന്തോഷ്കുമാർ എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ബാലകൃഷ്ണൻ പി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| വത്സ പി എം | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-05-2020 |
| ഇന്ദു വി എസ് | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 01-06-2020 | 04-09-2020 |
| ഒഴിവ് | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 05-09-2020 | 08-09-2020 |
| മോനി ഒ എൻ | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 09-09-2020 | 08-02-2021 |
| സിസിലി കുരുവിള | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 09-02-2021 | 03-03-2021 |
| മോനി ഒ എൻ | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 04-03-2021 | 31-03-2021 |
| ഇന്ദു നായർ പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ഡോ രഞ്ജു ആന്റണി | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| നിഷ വി ഷെറീഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 02-06-2020 |
| ഹരിത | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 03-06-2020 | 05-08-2020 |
| ജാകിലിൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 06-08-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡൊമനിക്ക് | | | |
| ചിത്ര പി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,മുളന്തുരുത്തി) | 01-04-2020 | 31-03-2021 |
| ഡോ സുധ എ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-04-2020 | 31-03-2021 |
| ഡോ സീന എൻ എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കീച്ചരി) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 28-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-10 |
| 12 | ബ്ലോക്ക്പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-11 |
| 13 | കെട്ടിട വാടക - അപാകതകൾ<br>Written By: Aneesh R (Auditor, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-12 |
| 14 | തദ്ദേശഭരണ സ്ഥാപനത്തിന്റെ കെട്ടിടത്തിന് അനർഹമായി കെട്ടിടനികുതി നൽകി<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-13 |
| 15 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-14 |
| 16 | അനിവാര്യ വകയിരുത്തലുകൾക്ക് പദ്ധതി ആവിഷ്കരിച്ചില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-15 |

| | | |
|---|---|---|
| 17 | വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-16 |
| 18 | ഐ.കെ.എം. വാർഷികവിഹിതം -വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-17 |
| 19 | PMAY ലൈഫ് ഭവനനിർമാണം(ജനറൽ) - തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-18 |
| 20 | PMAY ലൈഫ് ഭവനനിർമാണം(എസ്.സി.പി.) - തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-18-1 |
| 21 | കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 15-06-2022) | 1-19 |
| 22 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Kavitha S Kannan (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-20 |
| 23 | ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-21 |
| 24 | അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-22 |
| 25 | ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ അടങ്കൽ -നിശ്ചിത പരിധി പാലിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-23 |
| 26 | ഗാർഡൻ ടില്ലർ വാങ്ങിയതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-24 |
| 27 | വെറ്ററിനറി പോളിക്ലിനിക്കിലെ പഴയ ക്വാർട്ടേഴ്സ് പൊളിച്ചുമാറ്റൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Aneesh R (Auditor, On 30-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-25 |
| 28 | ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ സെർവർ-അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 30-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-26 |
| 29 | സാക്ഷരത പ്രേരക്കിന് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-27 |
| 30 | മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലും കെട്ടിട നിർമ്മാണവും - അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 30-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-28 |
| 31 | ഒരേ പ്രവൃത്തിയ്ക്കായി വിവിധ ഫണ്ടുകൾ വിനിയോഗിക്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-29 |

| | | |
|---|---|---|
| 32 | സാംസ്കാരിക നിലയം നിർമ്മാണം - അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-30 |
| 33 | കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 29-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-31 |
| 34 | കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല<br>Written By: Saly Joseph (Audit Officer (HG), On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-32 |
| 35 | സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-33 |
| 36 | രേഖപ്പെടുത്തിയ ജി.എസ്.ടി നിരക്കിനേക്കാൾ അധികതുക ബില്ലിൽ ഈടാക്കി<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-34 |
| 37 | കമ്മിറ്റി തീരുമാനമില്ലാതെ യന്ത്രസാമഗ്രികൾ അധിക വിലയ്ക്ക് വാങ്ങി<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-35 |
| 38 | ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല പ്രോജക്റ്റുകൾ തയ്യാറാക്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | രേഖപ്പെടുത്തിയ ജി.എസ്.ടി നിരക്കിനേക്കാൾ അധികതുക ബില്ലിൽ ഈടാക്കി<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 3-1 |
| 2 | കമ്മറ്റി തീരുമാനമില്ലാതെ യന്ത്രസാമഗ്രികൾ അധിക വിലയ്ക്ക് വാങ്ങി<br>Written By: Viju M S (Senior Grade Auditor, On 31-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 03-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-03-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26.03.2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.02.2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 23,61,31,000 | 23,61,31,000 | 23,24,39,500 | 36,91,500 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020-2021 വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്&പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020-2021പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021വാർഷിക ധനകാര്യപത്രിക (റസീപ്റ്റ്&പേയ്മെന്റ്) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 23,61,31,000 | 5,71,87,288 | 17,89,43,712 |
| ചെലവ് | 23,24,39,500 | 6,48,66,073 | 16,75,73,427 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 17 കോടി രൂപയുടേയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 16 കോടി രൂപയുടേയും വ്യത്യാസമുണ്ട്.ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 19-05-2021 |

## 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-16/28.03.2022) മറുപടി നൽകിയില്ല.

1) B9 ഷെഡ്യൂളിൽ 67070/-രൂപ (കോഡ്.നം-350300199-Govt&Other Dues Payable-Refund Of Unutilised Grants For Prior Period) ബാധ്യതയായി കാണുന്നു. വിശദാംശങ്ങൾ നൽകേണ്ടതാണ്.

2) 2016-17 മുതൽ ബാധ്യത ഹെഡിൽ (350800299) തുടരുന്ന 14500/- രൂപ IAY ലോണിനത്തിൽ ബാലൻസായ തുകയാണെന്ന് കാണുന്നു. ആയത് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

3) കോഷൻ ഡെപ്പോസിറ്റായി കെ.എസ്.ഇ.ബി യിൽ അടവാക്കിയ 3000/-രൂപ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കുവാനുള്ളതായി B18 ഷെഡ്യൂളിൽ (460600101) രേഖപ്പെടുത്തിയിരിക്കുന്നു.

4) Temporary Advance For Official Purposes എന്ന ഹെഡിൽ (460100103) ക്രമീകരിക്കുവാൻ അവശേഷിക്കുന്ന 4682/- രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

5) ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭ്യമായ 37638/-രൂപ പ്രസ്തുത ഹെഡിൽ പെടുത്തിയല്ല റസീറ്റ് ചെയ്തിട്ടുള്ളത്.

6) ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-4 പ്രകാരം വിവിധ വർഷങ്ങളിലായി ലഭിച്ച താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

നിർമൽപുരസ്കാർ-1896240/-(320900101)

നബാർഡ് സഹായം-2410380/-( 320200321)

6) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില (ഇ.ടെണ്ടർ-ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി

സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ/ പുരോഗതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

8) അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

9) B-11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഹെഡിൽ 1793405/- രൂപ നീക്കിയിരുപ്പ് ഉണ്ട്. പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തികളുടെ ആണെന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

10) B11, B11(a) എന്നിവ പ്രകാരം തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ ആസ്തികളുടെ മൂല്യം 68381721/-രൂപയാണ്. എന്നാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B3 പ്രകാരം 67930642/- രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസമുള്ള 451079/- രൂപ ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. B-11 ഷെഡ്യൂൾ അടിസ്ഥാനപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

11) ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള ട്രഷറി ജോയിന്റ് വെഞ്ചർ നീക്കിയിരിപ്പ് 490331/-രൂപയാണെന്നിരിക്കെ B-17 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള Treasury Special TSB Joint Venture (1592)ന്റെ നീക്കിയിരിപ്പ് 288180/- രൂപയാണ്. വ്യത്യാസമുള്ള തുകയായ 202151/- രൂപ IAY Plan Fund അക്കൗണ്ടിൽ (നം-1526) ഉൾപ്പെട്ടതായി കാണുന്നു. Joint Venture തുക IAY അക്കൗണ്ടിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

12) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ-2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,35,50,223.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,71,87,288.00 |
| ആകെ | 7,07,37,511.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,48,66,073.00 |
| നീക്കിയിരിപ്പ് | 58,71,438.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,33,331.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,34,05,948.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 24146326 | 24146326 | 24106529 | | 39797 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13549000 | 13549000 | 12925033 | | 623967 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 450967 | 450967 | 362264 | | 88703 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4212952 | 4212952 | 4212952 | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 4530000 | 4530000 | 4398887 | | 131113 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 4530000 | 4530000 | 2199527 | | 2330473 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | 6886 | 188 | 7074 | 508 | 6566 | |
| ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 36543 | 25541 | 62084 | 62084 | 0 | |
| ഐ.സി. ഡി.എസ്. | 821258 | 28820 | 850078 | 6255 | 843823 | |
| നബാർഡ് സഹായം | 2410380 | 0 | 2410380 | 0 | 2410380 | |

| | | | | | | |
|---|---|---|---|---|---|---|
| നിർമൽ പുരസ്കാരം | 1896240 | 0 | 1896240 | 0 | 1896240 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | | |
| ഗ്രാമ പഞ്ചായത്ത് | 43180 | 0 | 43180 | 0 | 43180 | |
| ജില്ലാ പഞ്ചായത്ത് | 245000 | 1204408 | 1449408 | 1204408 | 245000 | |
| ജില്ലാ പഞ്ചായത്ത് * | 216451 | 33700 | 250151 | 48000 | 202151 | |

*സംയുക്ത പ്രോജക്ടുകൾക്കായുള്ള മേൽ ജില്ലാ പഞ്ചായത്ത് വിഹിതം യൂണിയൻ ബാങ്ക്-IAY അക്കൌണ്ടിലാണ് (1526) നിക്ഷേപിച്ചിട്ടുള്ളത്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 24146326 | 24106529 | 39797 | 0.16% |
| വികസന ഫണ്ട്(എസ്.സി.പി) | 13549000 | 12925033 | 623967 | 4.6% |
| വികസന ഫണ്ട്(ടി.എസ്.പി) | 450967 | 362264 | 88703 | 19.67% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4212952 | 4212952 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 4530000 | 4398887 | 131113 | 2.89% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 4530000 | 2199527 | 2330473 | 51.44% |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റും (Untied) ടി.എസ്.പി ഫണ്ടും ഒഴികെ ബാക്കിയെല്ലാ ഗ്രാന്റുകളും കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) 51 ശതമാനവും ടി.എസ്.പി 19 ശതമാനവും ലാപ്സായിട്ടുണ്ട്. കേന്ദ്രധനകാര്യ കമ്മീഷൻ തുക മാർഗ്ഗരേഖകൾ പാലിച്ച് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 84651743 | 104 | 51932361 | 0 | 29 | 78.19% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37620/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അധികാരികളുടെ ശരിയായ ഇടപെടലുകൾ ഇനിയും ആവശ്യമായിട്ടുണ്ട്. ശ്രദ്ധിക്കപ്പെടേണ്ട മേഖലകൾ ചുവടെ ചേർക്കുന്നു.

(എ) ബ്ലോക്ക് പഞ്ചായത്ത് മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് നല്കുന്ന വിഹിതങ്ങളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമേ പ്രൊജക്ടിനൊപ്പം ലഭ്യമാക്കുന്നുള്ളൂ. നല്കുന്ന തുകയുടെ ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ടോ, ആയതിന്റെ മോണിറ്ററിംഗ് യഥാവിധി നടത്തിയിട്ടുണ്ടോ, എന്നീ വിവരങ്ങൾ കൂടി ഇത്തരം പ്രൊജക്ട് ഫയലിന്റെ ഭാഗമാക്കാവുന്നതാണ്.

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തുക കൈമാറുന്ന രീതിയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയാണ് പ്രധാനമായും ചെയ്തിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള തനത് പ്രോജക്ടുകൾ കൂടി ഏറ്റെടുക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

(സി) സംയുക്ത പദ്ധതികൾക്കായും, നിക്ഷേപ പ്രവൃത്തികൾക്കായും നൽകുന്ന തുകയുടെ വിനിയോഗം യഥാസമയം നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും കാലവിളംബം വരുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

(ഡി) മരാമത്ത് -ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല പ്രോജക്റ്റുകൾ തയ്യാറാക്കുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തയ്യാറാക്കണം (മരാമത്ത് ചട്ടം 3(1). കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ പ്ലംബിംങ് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തണം. ബഹുവർഷ പ്രോജക്റ്റുകളിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ അടങ്കലും മൊത്തം അടങ്കലിനു പുറമേ വെവ്വേറെ രേഖപ്പെടുത്തണം. എന്നാൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ചില പ്രോജക്റ്റുകളിൽ ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല ഇനങ്ങൾക്കായി വിവിധ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-36 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ടെൻഡർ നടപടികളിൽ എല്ലാം കമ്മറ്റി തീരുമാനം നടപ്പാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2021 – 24.09.2021 | 2020-2021 | 04.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014-01.03.2014 | 2009-10 To 2012-13 | 21.05.2014 |

## 1-11 ബ്ലോക്ക്പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163- ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 165- ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1)- ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടിക പ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിട വാടക - അപാകതകൾ

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള അരയൻകാവ് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, നടക്കാവ് എസ്.ജി.എസ്.വൈ. കെട്ടിടം, മണീട് എസ്.ജി.എസ്.വൈ. കെട്ടിടം, എഴക്കരനാട് എസ്.ജി.എസ്.വൈ. കെട്ടിടം എന്നിവയിലെ മുറികൾ പ്രതിമാസ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക ഈടാക്കുന്നതിൽ അപാകതകൾ കാണുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) ബൈലോ പാസ്സാക്കിയിട്ടില്ല: ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിന് വേണ്ടി 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പാലിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് ബൈലോ പാസ്സാക്കിയിട്ടില്ല. ബൈലോയുടെ അഭാവത്തിൽ വാടക വർദ്ധനവ്, കരാർ ലംഘനത്തിനെതിരെ സ്വീകരിക്കേണ്ട നടപടികൾ, കരാർ വ്യവസ്ഥകൾ മുതലായവ വ്യക്തമാക്കിക്കൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പോലും ഇല്ലാതെയാണ് നിലവിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്.

2) വാടക കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല: ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടമുറികളുടെയും സ്ഥലത്തിന്റെയും വാടക കൃത്യമായി ഒടുക്കപ്പെടുന്നില്ല. വാടകകുടിശിക സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് കമ്മിറ്റിയോ യഥാസമയം വിശകലനം നടത്തുകയോ വാടക കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. വർഷാവസാനം പഞ്ചായത്തിന് വാടക ഇനത്തിൽ 650906/-രൂപ ലഭിക്കുവാൻ ബാക്കിയുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടവാടക സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു. ഇത് പഞ്ചായത്ത് സൂക്ഷിക്കുന്ന വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | കിട്ടേണ്ട തുക | കിട്ടിയ തുക | കിട്ടുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| തൻവർഷം | 799567 | 491025 | 308542 |
| കുടിശിക | 728462 | 386098 | 342364 |
| ആകെ | 1528029 | 877123 | 650906 |

3) വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല : ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ സ്ഥലത്തും ഉള്ള കെട്ടിടമുറികൾ നമ്പരിട്ട് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എത്ര മുറികൾ വാടകയ്ക്ക് നൽകിയെന്നും എത്ര മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും മനസിലാക്കുവാൻ സാധിക്കുന്നില്ല. വർഷം തിരിച്ച് ഓരോ വാടകക്കാരന്റെയും പേരും മേൽവിലാസവും, കരാർ നമ്പർ, കരാർ കാലാവധി, വാടക, വാടകയിന്മേലുള്ള

ജി.എസ്.ടി എന്നിവ കൃത്യമായി വാടകരജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാടക രജിസ്റ്ററിൽ ഓഡിറ്റ് വർഷത്തെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷികധനകാര്യപത്രികയിലെ പിരിക്കേണ്ട തുക,പിരിച്ച തുക, ലഭിക്കുവാൻ അവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വാർഷിക കണക്കിലെ വാടക കണക്കുകൾ വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) വാടകരജിസ്റ്റർ പ്രകാരമുള്ള കുടിശിക വിവരം: കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിലെ വാടക ഒഴിവാക്കി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

ഓഡിറ്റ് സമയത്തും പിരിച്ചെടുക്കാത്ത 2020-21ലെ കുടിശിക തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (രൂ) | കുടിശിക കാലയളവ് | കുടിശിക തുക (രൂ) |
|---|---|---|---|---|
| 1 | ശ്രീമതി സലീന ഷമ്മാൾ<br>അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 6360 | 12/2020 മുതൽ 3/2021 വരെ | 25440 |
| 2 | ശ്രീമതി ലളിത വിജയൻ<br>അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 3521 | 6/2020 മുതൽ 3/2021 വരെ | 32510 |
| 3 | ശ്രീമതി നളിനി പുത്തൻപുരയിൽ<br>അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 2438 | 6/2020 മുതൽ 3/2021 വരെ | 24380 |
| 4 | ശ്രീമതി ഗിരിജ പ്രഭാകരൻ<br>അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 5289 | 03/2021 | 5289 |
| 5 | ശ്രീമതി ദിവ്യ രാജൻ<br>എസ്.ജി.എസ്.വൈ. നടക്കാവ് | 2118 | 6/2020 മുതൽ 3/2021 വരെ | 21180 |
| 6 | ശ്രീമതി ഷൈമി സുഗുണൻ<br>എസ്.ജി.എസ്.വൈ. നടക്കാവ് | 4089 | 6/2020 മുതൽ 3/2021 വരെ | 40890 |
| 7 | ശ്രീമതി സാൽബി മണി<br>എസ്.ജി.എസ്.വൈ. മണീട് | 875 | 6/2020 മുതൽ 3/2021 വരെ | 8750 |
| 8 | മണീട് ക്ഷീരോത്പാദക സഹകരണ സംഘം<br>എസ്.ജി.എസ്.വൈ. മണീട് | 700 | 11/2020 മുതൽ 3/2021 വരെ | 3500 |
| 9 | ശ്രീമതി മേരി ഏലിയാസ്<br>എസ്.ജി.എസ്.വൈ. എഴക്കരനാട് | 5375 | 2/2021 മുതൽ 3/2021 വരെ | 10750 |
| 10 | ശ്രീമതി ജെസി റോയ്<br>എസ്.ജി.എസ്.വൈ. എഴക്കരനാട് | 4200 | 2/2021 മുതൽ 3/2021 വരെ | 8400 |
| 11 | ശ്രീ കെ കെ സോമൻ<br>എസ്.ജി.എസ്.വൈ. എഴക്കരനാട് | 1400 | 2/2021 മുതൽ 3/2021 വരെ | 2800 |
| | ആകെ | | | 183889 |

മേൽ പരാമർശങ്ങൾ സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുവാൻ രേഖാമൂലം (എൻക്വയറി നം. 19/30.03.2022) ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

വാടക സംബന്ധിച്ച് അപാകതകൾ ഒഴിവാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോടും പഞ്ചായത്ത് കമ്മിറ്റിയോടും ശുപാർശ ചെയ്യുന്നു.

## 1-13 തദ്ദേശഭരണ സ്ഥാപനത്തിന്റെ കെട്ടിടത്തിന് അനർഹമായി കെട്ടിടനികുതി നൽകി

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമായ 11/392 E എന്ന നമ്പറിലുള്ള കെട്ടിടം നിലവിൽ പഞ്ചായത്തിലെ ഹരിത കർമ്മ സേന ഗ്രാമ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ടി കെട്ടിടത്തിന്റെ വസ്തുനികുതിയായി 2358 രൂപയുടെ ഡിമാന്റ് നോട്ടീസ് നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.03.2021ൽ 5481336 നമ്പർ ചെക്ക് പ്രകാരം വസ്തുനികുതിയായി 2358 രൂപ കെട്ടിടനികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്. 07.11.2007 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (ആർ.ടി) നമ്പർ 3025 പ്രകാരം പഞ്ചായത്ത് /നഗരസഭാ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. 1994 കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും നിയമം 207 എച്ച് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മേൽസൂചിത ഉത്തരവ് നിലനില്ക്കെ കെട്ടിടനികുതിയിനത്തിൽ 2358-രൂപ അനുവദിച്ചത് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 26.03.2022 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിട നികുതിയിനത്തിൽ നല്കിയ 2358/-രൂപ തിരികെ ഈടാക്കി ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ GST രജിസ്ട്രേഷൻ എടുത്ത് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണെന്ന് സ.ഉ(അച്ചടി)നം:87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാർക്ക് GST

കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് അവരുടെ GST നമ്പർ, മേൽവിലാസം എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം:2532/2018/ത.സ്വ.ഭ.വ, നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃക ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ മേൽ പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.09/28.03.2022)മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ സെൽഫ് ഡിക്ലറേഷൻ ഫോം ബ്ലോക്ക് പഞ്ചായത്ത്(എഞ്ചിനിയറിംഗ് വിഭാഗം) കാര്യാലയത്തിൽ നിന്നും നൽകാത്തതിനാലാണ് കരാറുകാർ ആയത് ഹാജരാക്കാത്തതെന്ന് അറിയിച്ചു. 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം:2532/2018/ത.സ്വ.ഭ.വ ഉത്തരവിൽ തന്നെ സെൽഫ് ഡിക്ലറേഷൻ ഫോമിന്റെ മാതൃക ഉൾചേർത്തിരുന്നു. ആയതിനാൽ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫാറം ആവശ്യമായ രേഖപ്പെടുത്തലുകൾ സഹിതം ഓഡിറ്റിനു മുൻപാകെ ഹാജരാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 അനിവാര്യ വകയിരുത്തലുകൾക്ക് പദ്ധതി ആവിഷ്കരിച്ചില്ല

വികസനഫണ്ടിൽ നിന്നും നിർബന്ധമായി വിഹിതം നീക്കിവയ്ക്കേണ്ടതായ ഇനങ്ങളായ അങ്കണവാടികളിൽ പോഷകാഹാര വിതരണം, എസ്.എസ്.എ, ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ) എന്നീ പ്രോജക്ടുകൾക്ക് വിഹിതം നൽകൽ എന്നിവയ്ക്ക് തുക വകയിരുത്തുന്നില്ല. അങ്കണവാടിയിൽ വരുന്ന കുട്ടികൾക്ക് പൂരകപോഷകാഹാരം, ടി.എച്ച്.ആർ.എസ്. (Take Home Ration Strategy), കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം, സബല, അങ്കണവാടികൾ മുഖേന നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുന്ന മറ്റ് പോഷകാഹാര വിതരണ പരിപാടികൾ എന്നിവയ്ക്കെല്ലാം വേണ്ട വിഹിതം കണക്കാക്കി ഒരു പ്രോജക്ടായി തയ്യാറാക്കണമെന്നും ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തി ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിക്കാവുന്നതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഖ.5.2.1(1) ലും, എസ്.എസ്.എ. ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം നൽകണമെന്ന് ഖ.5.2.1(2)- ലും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച അനിവാര്യ വകയിരുത്തലുകൾ പൂർണ്ണമായി നടത്താതെ വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. ആയതിനാൽ ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.7/27.03.2022)മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അടുത്ത വാർഷിക പദ്ധതിയിൽ അങ്കണവാടി പോഷകാഹാര വിതരണത്തിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണെന്ന് വിശദീകരിച്ചു. മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത്- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ മുഖേന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്.

**I**.

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 58/21<br>ആമ്പല്ലൂർ കവല-പുതിയ പഞ്ചായത്ത് കവല എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് (ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 6 ലക്ഷം<br>50000-വികസനഫണ്ട്<br>50000-ഗ്രാമപഞ്ചായത്ത്<br>500000-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 543756/-<br>43756-വികസനഫണ്ട്<br>500000-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ.നം,തീയതി | 246/19.01.2021- 43756/-<br>254/21.01.2021-500000/- |

**II**.

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 89/21(SO)<br>നികർത്തിൽ കോളനി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ-തുക കൈമാറൽ (ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 136719/- എസ്.സി.പി |
| ചെലവ് | 136719/- എസ്.സി.പി |

| | |
|---|---|
| ബിൽ.നം,തീയതി | 2/11.04.2020 |

**III**..

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 97/21 (SO)<br>ഉദയംപേരൂർ-കാരച്ചുവട് കാനനിർമാണം<br>(ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 632219/-<br>432219-വികസനഫണ്ട്<br>200000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 432219/- |
| ബിൽ.നം,തീയതി | 24/04.05.2020-376706/-<br>50/23.05.2020-55513/- |

**IV**..

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 98/21 (SO)<br>ഉദയംപേരൂർ 15,10 വാർഡുകളിൽ കാനനിർമാണം<br>(ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 500000/-<br>400000-വികസനഫണ്ട്<br>100000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 400000/- |
| ബിൽ.നം,തീയതി | 23/04.05.2020 |

**V**..

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 100/21 (SO)<br>പഞ്ചായത്ത് എൽ.പി.എസ് റോഡ് നാവാനിപ്പടി -തുക കൈമാറൽ (എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 600000/-<br>500000-വികസനഫണ്ട്<br>100000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 500000/- |
| ബിൽ.നം,തീയതി | 30/06.05.2020 |

**VI**..

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 101/21 (SO)<br>കണയന്നൂർ പാടം ബണ്ട് റോഡ് -തുക കൈമാറൽ (ചോറ്റാനിക്കര ഗ്രാ.പഞ്ചായത്ത്) |
| അടങ്കൽ | 500000/-<br>300000-വികസനഫണ്ട്<br>200000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 300000/- |
| ബിൽ.നം,തീയതി | 351/26.03.2021 |

**VII**..

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 99/21 (SO)<br>അങ്കണവാടിക്ക് തുക കൈമാറൽ<br>(മുളന്തുരുത്തി ഗ്രാ.പഞ്ചായത്ത്) |
| അടങ്കൽ | 1000000/-<br>500000-വികസനഫണ്ട്<br>500000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 500000/-വികസനഫണ്ട് |
| ബിൽ.നം,തീയതി | 28/05.05.2020 |

**VIII.**.

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 104/21 (SO)<br>ചോറ്റാനിക്കര വെണ്ണിക്കുളം എം.എൽ.എ റോഡ് -തുക കൈമാറൽ<br>(ചോറ്റാനിക്കര ഗ്രാ.പഞ്ചായത്ത്) |
| അടങ്കൽ | 300000/-<br>100000-വികസനഫണ്ട്<br>200000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 100000/-വികസനഫണ്ട് |
| ബിൽ.നം,തീയതി | 350/26.03.21 |

**IX.**.

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 120/21 (SO)<br>കളിക്കളം-മുളന്തുരുത്തിക്ക് തുക കൈമാറൽ<br>(മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 2000000/-<br>900000-വികസനഫണ്ട്<br>100000-തനത് ഫണ്ട്<br>1000000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 1000000/-<br>900000-വികസനഫണ്ട്<br>100000-തനത് ഫണ്ട് |
| ബിൽ.നം,തീയതി | 141/22.09.2020-900000/-<br>149/22.09.2020-100000/- |

**X.**.

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 124/21 (SO)<br>രാജീവ് ഗാന്ധി കോളനികമ്മ്യൂണിറ്റി ഹാൾ നവീകരണം-തുക കൈമാറൽ<br>(മണീട് ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 543564/-<br>533564-വികസനഫണ്ട്(SCP)<br>10000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 533564/- (SCP) |
| ബിൽ.നം,തീയതി | 115/21.08.2020 |

**XI.**.

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 145/21<br>ചോറ്റാനിക്കര തെക്കിനേത്ത് നിരപ്പ് കൈതക്കുളങ്ങര റോഡിന്റെ സൈഡ് കോൺക്രീറ്റിംഗ് (ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 500000/-<br>300000-വികസനഫണ്ട്<br>200000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 300000/- |
| ബിൽ.നം,തീയതി | 375/30.03.21 |

**XII.**.

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 143/21(SO)<br>മുളന്തുരുത്തി മാർക്കറ്റ് കെട്ടിടനിർമാണം<br>(മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്) |

| | |
|---|---|
| അടങ്കൽ | 8000000/-<br>500000-വികസനഫണ്ട്<br>7500000-ഗ്രാമപഞ്ചായത്ത് |
| ചെലവ് | 500000/- |
| ബിൽ.നം,തീയതി | 359/27.03.2021 |

**XIII.**

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 153/21<br>Take A Break-CFLTC ടോയ്‌ലറ്റ് നിർമാണം<br>(മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ | 2000000/-<br>200000-വികസനഫണ്ട്<br>100000-ഗ്രാമപഞ്ചായത്ത്<br>900000-കേന്ദ്ര ഫണ്ട്<br>800000-ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 700000/- ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ.നം,തീയതി | 278/03.02.2021-500000/-<br>358/27.03.21-200000/- |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം ഉൾപ്പെടെയുള്ള വിനിയോഗ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം.14/28.03.2022) നൽകിയതിന് അതത് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും വിനിയോഗവിവരം ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിന് വിധേയമായി ചെലവ് തുക (5946258/-രൂപ) തടസ്സപ്പെടുത്തുന്നു.

## 1-17 ഐ.കെ.എം. വാർഷികവിഹിതം -വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

ഐ.കെ.എം.ൽ നിന്നുള്ള 18/03/2020 ലെ IKM/A7/894/20 നമ്പർ കത്ത് പ്രകാരം മുളന്തുരുത്തി ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ 06/21 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 43,831/-രൂപ ഐ.കെ.എം.ന് നൽകിയിട്ടുണ്ട്.

വികസന ഫണ്ട്-40,000/- (ബിൽ നമ്പർ -149 തീയതി-24.09.2020)

തനത് ഫണ്ട്- 3,831/- (ബിൽ നമ്പർ -155 തീയതി-24.09.2020)

എന്നാൽ മേൽ തുകകൾ വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും ഐ.കെ.എം. ലഭ്യമാക്കിയിട്ടില്ല . എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം താമസംവിനാ ലഭ്യമാക്കുന്നതാണെന്ന് 20.04.2021ലെ എ7/955/2021 നമ്പർ കത്ത് മുഖേന സെക്രട്ടറി അറിയിച്ചിട്ടുണ്ട് (എൻക്വയറി-13 / 28.03.2022). ഐ.കെ.എം.ൽ നിന്നും ആയത് ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുക (43,831/-രൂപ) തടസ്സപ്പെടുത്തുന്നു.

## 1-18 PMAY ലൈഫ് ഭവനനിർമാണം(ജനറൽ) - തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ലൈഫ്/പി.എം.എ.വൈ. സംയുക്ത പദ്ധതികൾക്ക് (പ്രോജക്ട് നം. 01/2021 & 2/2021) വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി വികസനഫണ്ട് ജനറലിൽ നിന്നും 34,78,600/-രൂപയും വികസനഫണ്ട് എസ്.സി.പി.യിൽ നിന്നും 27,09,800/-രൂപയും ബ്ലോക്ക് വിഹിതമായി നൽകിയിട്ടുണ്ട്. മേൽ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം, ബ്ലോക്ക് വിഹിതത്തിൽ നിന്നും ചെലവഴിച്ചതിൽ ബാക്കിയുള്ള തുക തിരികെ ഈടാക്കിയതിന്റേയോ സർക്കാരിലേക്ക് തിരിച്ചടച്ചതിന്റേയോ വിവരങ്ങൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതാവശ്യപ്പെട്ട് എൻക്വയറി (നം-17/28.03.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 1/21 - PMAYലൈഫ് ഭവനനിർമാണം(ജനറൽ) |
| അടങ്കൽ | 3855800/- |
| ചെലവ് | 3478600/- |
| ബിൽ നം,<br>തീയതി,<br>തുക,<br>തുക കൈപ്പറ്റിയ പഞ്ചായത്ത് | 1)86/02.07.20- 600000/- , ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്<br>2)124/05.09.20-118600/- , മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്<br>3)125/05.09.20- 400000/- , ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്<br>4)126/05.09.20- 200000/- , മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്<br>5)128/05.09.20- 400000/- , മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്<br>6)240/15.01.21-480000/- , എടയ്ക്കാട്ടു വയൽ ഗ്രാമ പഞ്ചായത്ത്<br>7)252/21.01.21-80000/- , എടയ്ക്കാട്ടു വയൽ ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| | 8)253/21.01.21-100000/- , ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്<br>9)356/27.03.21-100000/- , ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്<br>10)373/30.03.21-500000/- , ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്<br>11)374/30.03.21-500000/- , ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് |

പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. ആയതിന് വിധേയമായി ചെലവ് തുക (34,78,600/- രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

### 1-18-1 PMAY ലൈഫ് ഭവനനിർമാണം(എസ്.സി.പി.) - തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം, പേര് | 2/21 , PMAY ലൈഫ്ഭവനനിർമാണം (എസ്.സി.പി.) |
| അടങ്കൽ | ₹ 27,09,800/- |
| ചെലവ് | ₹ 27,09,800/- |
| ബിൽ നം,<br>തീയതി,<br>തുക,<br>തുക കൈപ്പറ്റിയ പഞ്ചായത്ത് | 1)178/21.10.20- 40000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>2) 182/30.10.20- 260000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>3)186/10.11.20-193200/- , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്<br>4)190/13.11.20-40000/- , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്<br>5)237/15.01.21- 240000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>6)238/15.01.21- 100000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>7)239/15.01.21-160000/- , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്<br>8)255/21.01.21-100000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>9)279/03.02.21-160000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>10)294/05.03.21-160000/- , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്<br>11)304/05.03.21-460000/- , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്<br>12)305/05.03.21-40000/- , എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത്<br>13) 314/09.03.21-100000/- , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്<br>14)315/09.03.21-200000/- , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്<br>15)321/15.03.21-100000/- , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്<br>16)335/24.03.21-356600/- , ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി ഭവനനിർമാണ പ്രവൃത്തികൾക്കായി മേൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 27,09,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കൊയ്ത്ത് മെതിയന്ത്രം വാങ്ങാൻ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് തുക നൽകൽ , 130/21 |
| അടങ്കൽ | 3000000/-(വികസന ഫണ്ട്) |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ചെലവ് | 10,00,000/-(ബ്ലോക്ക് വിഹിതം) |
| ബിൽ നമ്പർ,ചെക്ക് നമ്പർ/തീയതി | 323/20-21,തീയതി.<br>08.01.2021-1000000 |

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലേക്ക് കൊയ്ത്തുമെതിയന്ത്രം വാങ്ങുന്ന പദ്ധതിയ്ക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ സംയുക്തമായി 10 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ വകയിരുത്തിയാണ് അടങ്കൽ തുക നിശ്ചയിച്ചിരുന്നത്. ഇ ടെണ്ടർ നടപടികളിലൂടെ RAIDCO യിൽ നിന്ന് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിന് 2750000/-രൂപ നൽകിയിരുന്നു. 15.07.2021 ൽ കൊയ്ത്തുമെതിയന്ത്രം ഗ്രാമപഞ്ചായത്തിന് നൽകിയെങ്കിലും പാടശേഖര സമിതിയ്ക്കോ,മറ്റ് സ്ഥാപനത്തിനോ കൈമാറിയിട്ടില്ല.

14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ, സ.ഉ(എം എസ്) 22/18/ത.സ്വ.ഭ.വ, ഖണ്ഡിക 6.1.8-ൽ കാർഷിക യന്ത്രോപകരണങ്ങൾ നൽകുന്നതിന്റെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കൊയ്ത്തുമെതിയന്ത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപന തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങണമെന്ന വ്യവസ്ഥ പാലിച്ചതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. പുതിയതായി രൂപീകരിക്കുന്ന കർമ്മസേനകൾക്ക് 3 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷത്തിന് മുകളിൽ ശരാശരി വാർഷിക ടേണോവർ ഉള്ളതും,

ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കാർഷിക കർമ്മസേനകൾക്ക് 40 ലക്ഷം രൂപയുടെ യന്ത്രങ്ങൾ പ്രാദേശിക സാദ്ധ്യതകളുടെയും നൂതന കാർഷിക രീതികൾ പ്രാവർത്തികമാക്കുന്നതിന്റെയും അടിസ്ഥാനത്തിൽ നൽകാവുന്നതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇത്തരം സമിതി നിലവിലുള്ളതായോ പ്രവർത്തിക്കുന്നതായോ ഉള്ള രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പണത്തിൽ നിന്ന് 2750000/-രൂപ ചെലവഴിച്ച് വാങ്ങിയ യന്ത്രത്തിന്റെ സംരക്ഷണച്ചെലവും തുടർചെലവുകളും യന്ത്രം കൈമാറുന്ന സമിതി വഹിക്കണമെന്നാണ് നിർദ്ദേശമെങ്കിലും, സമിതിയ്ക്ക് കൈമാറാത്തതിനാൽ ആയത് സാധ്യമായില്ല. ആയതിനാൽ സബ്‌സിഡി മാർഗ്ഗരേഖ അവഗണിച്ചുകൊണ്ട് കൊയ്ത്തു മെതിയന്ത്രം വാങ്ങിയത് വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.6/27.03.2022) നൽകിയിരുന്നുവെങ്കിലും ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച 1000000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്‌സിഡി മാർഗ്ഗരേഖാ ലംഘനത്തിന് വിശദീകരണം ലഭ്യമാക്കുകയും, കൊയ്ത്തു മെതിയന്ത്രം മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന അർഹമായ സമിതിയ്ക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കൈമാറുകയും തുടർപ്രവർത്തനം സംബന്ധിച്ച ലോഗ് ബുക്ക് ഉടങ്ങിയ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം, പദ്ധതി പണത്തിന്റെ ദുർവ്യയമായികണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

1997-98 മുതൽ 2019-20 വർഷം വരെയുള്ള കാലയളവിലായി ആകെ 20 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് (ഖണ്ഡിക-4-11കാണുക). ഇതിൽ 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

(1) യാത്രബത്ത നൽകിയതിലെ അപാകതകൾ പരിഹരിച്ചിട്ടില്ല (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-1)

(2) വിവിധ പദ്ധതികൾക്കായി തുക കൈമാറിയതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല (2015-16 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക.3-5)

(3) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാലതാമസത്തിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ലായെന്ന പരാമർശവും തീർപ്പാക്കിയിട്ടില്ല (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-1)
(4) വാഹനം മെയിന്റനൻസ് -അപാകങ്ങൾ തീർപ്പാക്കാത്തതിനാൽ 4,42,935/- രൂപയുടെ തടസം തുടരുന്നു (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-2)

(5) സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 42,81,472/-രൂപയുടെ തടസം നിലനിൽക്കുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക3-3)

(6) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് വിധേയമായി 982943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നതും പരിഹരിച്ചിട്ടില്ല (2018-19 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക3-2)
(7) ചൈൽഡ് ഡെവെലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ഉപകരണവിതരണ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ നിമിത്തം 2949728/- രൂപ തടസ്സപ്പെടുത്തിയിരുന്നു. മേൽ അപാകതയും പരിഹരിക്കപ്പെട്ടിട്ടില്ല (2018-19 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക3-5)

(8) ലൈഫ് ഭവനനിർമാണവുമായും വിവിധ തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 1-13 ,1-14 ഖണ്ഡികകളിൽ തുക തടസ്സപ്പെടുത്തിയത് നിലനിൽക്കുന്നു (2019-20 ഓഡിറ്റ് റിപ്പോർട്ട്).

അവസാന അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനം,90/21 |
| നിർവ്വഹണം | ചൈൽഡ് ഡലവപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 354747(304747/-വികസന ഫണ്ട്,50000/-തനത് ഫണ്ട്) |
| ചെലവ് വിവരം(ബിൽ നം/തീയതി) | 1) 197400/-(01/20-21,22.04.2020)<br>2) 74300/-(151/28.09.2020) |

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്‌സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.4 (1) ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ, വികലാംഗ ക്ഷേമ കോർപ്പറേഷനിൽനിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽ നിന്നോ വാങ്ങാവുന്നതാണെന്നും, ഖണ്ഡിക 7.1.4 (3)പ്രകാരം ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, വാങ്ങാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലിന് വികലാംഗ ക്ഷേമ കോർപ്പറേഷനേയോ,

കെൽട്രോണിനേയോ സമീപിക്കാതെ ഫൂട്ട്പ്രിന്റ്സ് ഫിസിക്കൽ തെറാപ്പി ആന്റ് റീഹാബിലിറ്റേഷൻ എയിഡ്സിൽ നിന്നും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് ശുപാർശ നൽകിയിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ ഭരണസമിതിയുടെയോ തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പല ഉപകരണങ്ങളും ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് നേരിട്ട് ഉപയോഗിക്കാൻ സാധിക്കുന്നവയല്ല. പ്രത്യേകിച്ച് ഫിസിയോ ബോൾ, ട്രഡ് മിൽ എന്നിവ. ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനായി ഇതിൽ പ്രത്യേക ട്രെയിനിംഗ് ലഭിച്ച ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമാണ്. എന്നാൽ അത്തരത്തിൽ ട്രെയിനിംഗ് ലഭിച്ച ഫിസിയോ തെറാപ്പിസ്റ്റിനെ സ്കൂളുകളിൽ നിയമിച്ചിട്ടില്ല. ആയതിനാൽ ഈ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല

വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെൽട്രോൺ എന്നിവിടങ്ങളിൽ മേൽ ഉപകരണങ്ങൾ ലഭ്യമായിരിക്കെ, സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഇല്ലാത്ത സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.08/27.03.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ എല്ലാ അപാകതകളും പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിക്കുകയുണ്ടായി. മുകളിൽപ്പറഞ്ഞിട്ടുള്ള എല്ലാ അപാകതകളും പരിഹരിക്കേണ്ടതും സർക്കാർ മാർഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം ഉപകരണങ്ങൾ വാങ്ങേണ്ടതുമാണ്.

## 1-22 അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ആയതിലെ 4(3) പട്ടിക പ്രകാരം ചെറുകിട ജലസേചന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പാക്കുകയും,പരിപാലിക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കാവുന്നതാണ്. എന്നാൽ താഴെ പരാമർശിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| ക്രമ.നം | പ്രോജക്ട് | ബിൽ നം/ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | 87/2021<br>നികർത്തിൽ കോളനി തനത് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അടങ്കൽ 125362/- (വികസന ഫണ്ട് -എസ്.സി.പി) | 20100563010301407033 / 25.03.2021 | 125362 |
| 2 | 88/2021<br>ആശാരിപുരം കോളനി കുടിവെള്ള ശുദ്ധീകരണ പ്ലാന്റ്<br>അടങ്കൽ 430931/- (വികസന ഫണ്ട് -എസ്.സി.പി)<br>111524(തനത് ഫണ്ട്)<br>ആകെ-542455 | 20100563010407054/ 26.03.2021 | 542455 |
| | | ആകെ | 667817 |

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018 ലെ സ.ഉ(കൈ) 11/2018 ലെ ഖണ്ഡിക 7.1 (ബി).8 പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള അനുമതി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും നേടിയിട്ടില്ല. അധികാര പരിധിയിൽ വരാത്ത പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.11/28.03.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യത്തെ തുടർന്നാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതെന്നും അധികാര പരിധിയ്ക്കപ്പുറം ആയത് പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണെന്നും വിശദീകരിച്ചു. പദ്ധതി മാർഗ രേഖയിൽ അനുശാസിക്കും പ്രകാരം കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി വാങ്ങി നടപ്പിലാക്കേണ്ടതാണ്.

## 1-23 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ അടങ്കൽ -നിശ്ചിത പരിധി പാലിക്കുന്നില്ല

13-ാം പദ്ധതിയിലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 6.9.2 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾ, ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രോജക്ടുകൾക്കും ഈ പരിധി ബാധകവുമാണ്. എന്നാൽ മുള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന ഫണ്ട് സാധാരണവിഹിതം വകയിരുത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രസ്തുത പരിധി പാലിച്ചിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 76/21,എടയ്ക്കാട്ടുവയൽ പത്താം വാർഡിൽ സാംസ്കാരിക നിലയം | 1,21,539 | 1,21,539 |

| | | |
|---|---|---|
| 85/21,പർപ്പകോട് ഓപ്പൺ എയർ സ്റ്റേജ് നിർമാണം | 4,50,000 | 4,49,948 |
| 86/21,വിത്തേരിക്കാവ് റോഡ് നിർമാണം | 4,63,440 | 4,63,440 |
| 94/21,മാമ്പുഴ തെരുവ് റോഡ് കട്ട വിരിയ്ക്കൽ | 4,88,880 | 4,88,880 |

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അടങ്കൽ തുകയുടെ പരിധി പാലിക്കാത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ ശ്രദ്ധിക്കാതിരുന്നത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അടങ്കൽ തുകയുടെ പരിധി കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ആയിരിക്കുവാൻ ശ്രദ്ധിക്കാറുണ്ട് എന്ന് വ്യക്തമാക്കുകയുണ്ടായി. സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗാർഡൻ ടില്ലർ വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | അയ്യംവേലി പാടശേഖരസമിതിയ്ക്ക് ഗാർഡൻ ടില്ലർ വാങ്ങുന്നതിന് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ,102/21 |
| അടങ്കൽ | 190318/-<br>(170318/-വികസനഫണ്ട്(ജനറൽ),<br>20000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 170318/- |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ബിൽ നമ്പർ | 5/20-21 തീയതി 29.03.2021 |

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് ഗാർഡൻ ടില്ലർ വാങ്ങുന്നതിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക കൈമാറുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അത് പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ, കാംകോ, പിറവം എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും ടില്ലർ വാങ്ങിയിട്ടുണ്ട്. ഈ ഉപകരണം വാങ്ങിയതിന് 1,70,318/-രൂപ സബ്സിഡി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.2018 ഖണ്ഡിക നം. 6.1 ക്രമ നം.8 പ്രകാരം തദ്ദേശഭരണ സ്ഥാപന തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ ഇത്തരം ഒരു റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖ 2.6ലെ പൊതുനിബന്ധനകളിലും, ഖ.6.1.7ലെ കൃഷി സംബന്ധിച്ച നിബന്ധനയിലും വ്യക്തികൾ/ഗുണഭോക്തൃ സമിതികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉത്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രോജക്ടിൽ 20000/-രൂപ ഗുണഭോക്തൃ വിഹിതമായി പാടശേഖര സമിതിയിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ടെങ്കിലും ഈ തുക നാളിതു വരെയും കാംകോയ്ക്ക് നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും, വാങ്ങിയ ഉപകരണത്തിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെയും, ഉപകരണം വാടകയ്ക്ക് നൽകുന്നുണ്ടെങ്കിൽ ആയതിന്റെ രജിസ്റ്ററും, രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.4/29.03.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 വെറ്ററിനറി പോളിക്ലിനിക്കിലെ പഴയ ക്വാർട്ടേഴ്സ് പൊളിച്ചുമാറ്റൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

വെറ്ററിനറി പോളിക്ലിനിക്ക് വളപ്പിലെ പഴയ ക്വാർട്ടേഴ്സ് എൽഎസ്ജിഡി സബ് ഡിവിഷൻ എഞ്ചിനീയർ പരിശോധിക്കുകയും, ഉപയോഗിക്കാൻ സാധ്യമല്ലാത്തതിനാൽ കെട്ടിടത്തിന്റെ അസ്സസ്ഡ് വാല്യുവായി 73795.09/- രൂപയും, കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ഡിസ്മാന്റിലിംഗ് ചാർജായി 97652.37/- രൂപയും നിർണ്ണയിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിരുന്നു. ഇപ്രകാരം കെട്ടിടം പൊളിച്ചുമാറ്റി അവശിഷ്ടങ്ങൾ നീക്കം ചെയ്യുമ്പോൾ സർക്കാരിന് 23830/-രൂപ നഷ്ടം വരുമെന്ന് ബോധ്യപ്പെട്ടതിനാൽ വെറ്ററിനറി സർജൻ ക്ഷണിച്ച ക്വട്ടേഷനിൽ കൂടുതൽ തുക രേഖപ്പെടുത്തിയ വി.പി.തങ്കച്ചൻ എന്ന വ്യക്തിയുടെ ക്വട്ടേഷൻ 11.08.2020ന് ചേർന്ന യോഗത്തിലെ 6(3)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. യോഗതീരുമാനത്തിന് വിധേയമായി കെട്ടിടം പൊളിച്ചുമാറ്റി എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരമുള്ള അസസ്ഡ് വാല്യുവായ 73,795.09/- രൂപയിൽ കുറയാതെ പരസ്യലേലം ചെയ്ത് വിൽക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദേശിച്ചതായി സീനിയർ വെറ്ററിനറി സർജൻ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിച്ചില്ല. ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/30.03.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, കാലതാമസമില്ലാതെ ക്വാർട്ടേഴ്സ് പൊളിച്ചുമാറ്റി ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ സെർവർ-അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 92/21(SO)<br>സൂചിക നിർവഹണം-ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ സെർവർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 2,92,622/-<br>1,05,920/- -വികസന ഫണ്ട്<br>1,86,702/- -തനത് ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 1,05,920/- |
| ബിൽ.നം,തീയതി | 1/20-21,04.06.2020 |

ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ സെർവർ, കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിനായി 2019-20 വർഷം ആവിഷ്കരിച്ച പ്രോജക്ടാണിത്. സർക്കാർ നിർദ്ദേശാനുസരണം CPRCS പോർട്ടലിൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും താഴെപ്പറയും പ്രകാരം പ്രോഫോർമ ഇൻവോയ്സുകൾ ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയുമാണ് ചെയ്തത്. ഓഡിറ്റ് വർഷം ഈയിനത്തിൽ 1,05,920/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ.നം | കെൽട്രോൺ- ഇൻവോയ്സ് നം, തീയതി | ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ |
|---|---|---|
| 1 | 12803/24.12.2019 | 1)പ്രിന്റർ (4എണ്ണം)- @14726=58904/- |
| | | 2)ഡെസ്ക്ടോപ്പ് High End Ubuntu Intel(1എണ്ണം)- @42816=42816/- |
| | | 3)ഡെസ്ക്ടോപ്പ് Medium End Ubuntu AMD(2എണ്ണം)- @29625=59250/- |
| | | ആകെ =160970/- |
| 2 | 12804/24.12.2019 | ഡെസ്ക്ടോപ്പ് Medium End Ubuntu AMD(1എണ്ണം) =29625/- |
| 3 | 14468/25.01.2020 | ലാപ്ടോപ്പ് Medium End Ubuntu (1എണ്ണം) =22703/- |
| | | ആകെ (2+3)=52328/- |

ഹാജരാക്കിയ രേഖകൾ അനുസരിച്ച് കെൽട്രോണിൽ നിന്നും നാളിതുവരെ ലഭിച്ച ഉപകരണങ്ങളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ.നം | ഉപകരണങ്ങളുടെ വിവരം | ടാക്സ് ഇൻവോയ്സ്.നം, തീയതി |
|---|---|---|
| 1 | HP Desktop (1 No) @28485/- | J9PUB45748/29.09.2020 |
| 2 | HP Desktop (2 Nos) @56970/- | J9PUB46229/11.10.2020 |
| 3 | Acer Computer System (1 No )@ 41199/- | PYS120031102/11.09.2020 |

പ്രോജക്ട് ഫയൽ പരിശോധിച്ചതുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (നം.15 തീയതി 28.03.2022) നൽകി.4,88,880 4,88,880

(എ) 2019-20 വർഷം ഈയിനത്തിൽ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ

(ബി) ലാപ്ടോപ്പ് ലഭ്യമായതിന്റെ രേഖകൾ.

(സി) പ്രിന്റർ ലഭ്യമായിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെൽട്രോണുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ.

(ഡി) കെൽട്രോണിന് ഇനി നൽകുവാനോ /തിരികെ ലഭ്യമാകുവാനോ ഉള്ളതായ തുകയുടെ വിവരങ്ങൾ.

(ഇ) ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ.

മേൽ എൻക്വയറിക്ക് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കി :-

(1) 2019-20 വർഷം ആകെ 2,13,298/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും 1,07,378/- രൂപ മാത്രമാണ് ചെലവഴിച്ചത്.

(2) 12.11.2020ലെ RV-200105008052 നമ്പർ ഇൻവോയ്സ് പ്രകാരം ലാപ്ടോപ് ലഭ്യമായി.

(3) പ്രിന്റർ ലഭ്യമാകുന്നതിന് കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ സ്റ്റോക്ക് ഇല്ലാത്തതിനാൽ

പ്രിന്ററിന്റെ തുകയായ 58,904/- രൂപയിൽ നിന്നും Desktop Intel Processor – Medium End-Ubuntu.1, A4 Sheetfed Scanner – Medium End-Windows And Ubuntu-I എന്നിവയ്ക്ക് സപ്ലൈ ഓർഡർ നൽകുകയും അതനുസരിച്ച് Acer Computer System (1 No-ITP/06613/20-21, 30.11.20) EPSON A4 Sheetfed സ്കാനർ (1 No-13486/ITP/21-22, 30.03.22) എന്നിവ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

മറുപടിയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു :-

(1) പദ്ധതിക്കായി ആകെ 2,13,298/- രൂപയുടെ ബില്ലുകളാണ് ട്രഷറിയിൽ സമർപ്പിച്ചതെന്നാണ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചത്. ടി തുകയുടെ ചെലവ് സാധൂകരിക്കുന്നതിലേക്ക് 2019-20 വർഷം ചെലവഴിച്ചതായി അറിയിച്ച 1,07,378/- രൂപയുടെ ഇൻവോയ്സുകളും പ്രിന്ററിന് പകരം ലഭ്യമാക്കിയ Acer കമ്പ്യൂട്ടർ സിസ്റ്റം, സ്കാനർ എന്നിവയുടെ ഇൻവോയ്സുകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(2) ലഭ്യമായ മുഴുവൻ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

സൂചിത രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി തൻവർഷം ചെലവഴിച്ച 1,05,920/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 സാക്ഷരത പ്രേരക്കിന് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല

സാക്ഷരത പ്രേരക്മാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്മാരായ ശ്രീമതി ബീന മുരളി, ശ്രീമതി ശോഭന പി.കെ. എന്നിവരുടെ 2020 ഡിസംബർ, 2021 ജനവരി എന്നീ മാസങ്ങളിലെ ഓണറേറിയം നല്കുന്നതിന് 31,680/- രൂപ (26.03.2021 ചെക്ക് നം.5481347) നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 26.03.2022ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടവാക്കിയ 31,680/- രൂപ സർക്കാർ വിഹിതത്തിൽ നിന്നോ, സാക്ഷരത മിഷന്റെ തനത് വിഹിതത്തിൽ നിന്നോ ഈടാക്കി ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് അടവാക്കേണ്ടതാണ്.

## 1-28 മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കലും കെട്ടിട നിർമ്മാണവും - അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് | മുളന്തുരുത്തി സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം |
| പ്രോജക്ട് നം | 69/2020-21 |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | 30,00,001/- |
| ചെലവ് | 13,79,415 |

2)

| | |
|---|---|
| പ്രോജക്ട് | മുളന്തുരുത്തി സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം |
| പ്രോജക്ട് നം | 154/2020-21 |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | 3,00,000/- |
| ചെലവ് | 2,99,166/- |

3)

| | |
|---|---|
| പ്രോജക്ട് | മുളന്തുരുത്തി സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് ,22/21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, മുളന്തുരുത്തി സി.എച്ച്.സി |
| അടങ്കൽ | 3500000/-<br>വികസന ഫണ്ട്-7192/-<br>തനത് ഫണ്ട്-1992808/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-1500000/- |
| പർച്ചേയ്സ് ഓർഡർ നമ്പർ | 53/2020,തീയതി.15.02.2021 |

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ സി.എച്ച്.സി മുളന്തുരുത്തിയ്ക്കായി മാമോഗ്രാം യൂണിറ്റ് കെട്ടിടം സ്ഥാപിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല. പൂർത്തീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല

പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. കെട്ടിട നിർമ്മാണം പൂർത്തികരിക്കുവാൻ കാലതാമസം നേരിട്ടതിന് ഫൈൻ ഈടാക്കിയെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
ടി കെട്ടിടത്തിൽ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആകെ 35,00,000/-രൂപ അടങ്കൽ വരുന്ന ഈ പ്രവൃത്തി 2020-21 സാമ്പത്തിക വർഷം നടപ്പാക്കാനാണ് ബ്ലോക്ക്പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നത്. തൻവർഷം തുക ചെലവഴിച്ചതിന്റെ വിശദാംശം ഹാജരാക്കിയ ഫയലിൽ ഇല്ല. എന്നാൽ മെഡിക്കൽ ഓഫീസറുടെ 15.02.2021 തീയതിയിലെ 53/2020 കത്ത് പ്രകാരം അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ചണ്ഡീഗഡ് എന്ന സ്ഥാപനത്തിൽ നിന്നും കമ്മറ്റി തീരുമാനം ഇല്ലാതെ മാമോഗ്രാം യൂണിറ്റ് 23.03.2021 ന് സി.എച്ച്.സി മുളന്തുരുത്തിയിൽ എത്തിച്ചതായി ഫയലിൽ രേഖകൾ ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോ,അംഗീകാരമോ കൂടാതെയാണ് ഈ യൂണിറ്റ് ഇവിടെ എത്തിച്ചിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായി മുളന്തുരുത്തി സി.എച്ച്.സിയിൽ കെട്ടിട നിർമ്മാണം 2022 മാർച്ചിൽ പോലും പൂർത്തീകരിക്കാത്ത സ്ഥിതിയ്ക്ക് മാമോഗ്രാം യൂണിറ്റ് തിരക്കിട്ട്, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി, എത് ഫണ്ട് ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കാതെ (തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ലാതെ) എത്തിച്ചത് എങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ യൂണിറ്റിന്റെ വാറന്റി കാലാവധിയായി അലൻജേർസ് മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്നത് 3 വർഷക്കാലമാണ്. ഒരു വർഷത്തോളം ഈ മെഷീൻ ഉപയോഗിക്കാതിരുന്നത് കാരണം നിലവിൽ ഈ യൂണിറ്റ് പ്രവർത്തിക്കുമോയെന്ന കാര്യം വ്യക്തമല്ല. കൂടാതെ മെഡിക്കൽ മേഖലയായതിനാൽ ഒരു വർഷം മുൻപ് ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ, കാലഹരണപ്പെട്ട അവസ്ഥയിലെങ്കിൽ, കെട്ടിടം പണി പൂർത്തികരിച്ച് ഈ യൂണിറ്റ് സ്ഥാപിക്കപ്പെടുമ്പോൾ എത്രത്തോളം ഉപയോഗക്ഷമമാകും എന്നും വിശദീകരിക്കപ്പെടേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/31.03,2022)മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമായ മറുപടി കൂടി പരിഗണിച്ചാണ് ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ വാങ്ങുന്നത് സ്റ്റോർ പർച്ചേസ് മാനുവൽ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം നടപടികൾ അംഗീകരിക്കുവാൻ കഴിയില്ല. പൊതു പണമുപയോഗിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-29 ഒരേ പ്രവൃത്തിയ്ക്കായി വിവിധ ഫണ്ടുകൾ വിനിയോഗിക്കുന്നു

(1) മണീട് നെച്ചൂർ -മടക്കിലാവു റോഡ് നിർമ്മാണം

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക് നം തീ. |
|---|---|---|---|---|
| മണീട് നെച്ചൂർ – മടക്കിലാവു റോഡ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 1)33/ 20-21 | ₹ 5,00,000/- തനത് ഫണ്ട് | 1)4,50,000/- രൂപ. ബിൽ നം.318 തീ. 12.3.21<br>2)49,608/- ചെക്ക് നം.888282 തീ.21.4.2021 |

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഈ റോഡിന്റെ വടക്ക് വശത്തുള്ള 335 മീറ്റർ നീളം വീതി കൂട്ടുക എന്നതാണ് പ്രോജക്ട്. എന്നാൽ ഫയൽ പരിശോധനയിൽ ഈ റോഡിന്റെ തെക്ക് വശത്തുള്ള 335 മീറ്റർ നീളം വീതി കൂട്ടുക എന്നത് മണീട് ഗ്രാമപഞ്ചായത്തും റോഡിന്റെ റീടാറിംഗ് പ്രവർത്തനവും രണ്ട് കലുങ്ക് നിർമ്മാണവും MLA-ADS ഫണ്ട് ഉപയോഗിച്ചും ചെയ്യുന്നു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ ഈ പ്രവൃത്തിയുടെ ഫണ്ട് വിനിയോഗത്തിന്റെ നിജസ്ഥിതി ഓഡിറ്റിനെ വ്യക്തമായി അറിയിച്ചിട്ടില്ല, കൂടാതെ :-

1) ഈ പ്രവൃത്തി സംയുക്ത പ്രോജക്ടായി നടപ്പാക്കേണ്ടതായിരുന്നു.

2) ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡുകളും പരിപാലിക്കുക എന്ന നിബന്ധന പാലിച്ചിട്ടില്ല.
3) MLA-ADS ഫണ്ട് ഉപയോഗിച്ച് റീടാറിംഗ് പ്രവർത്തനം ചെയ്യുന്ന പ്രോജക്ടിൽ മറ്റ് സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുമ്പോൾ പ്രോജക്ടിൽ ചെലവു തുക ഇരട്ടിപ്പ് വന്നിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തതയില്ല. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

(2) വെറ്ററിനറി പോളിക്ലിനിക്കിന് ലാബ് നിർമ്മാണം

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തീയതി/ ചെക് നം തീയതി |
|---|---|---|---|---|
| വെറ്ററിനറി പോളിക്ലിനിക്കിന് ലാബ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 1)74/ 20-21 | ₹5,07,495/- തനത് ഫണ്ട് | 4,60,000/- ബിൽനം.353/ തിയതി27.3.2021 |

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വെറ്ററിനറി പോളിക്ലിനിക്കിന് റീകൺസ്ട്രക്ഷൻ വർക്കുകൾ P.W.D നടപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ ലാബ് നിർമ്മാണം റൂഫ് വർക്ക് ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടുള്ളതിൽ പ്രോജക്ടിൽ ചെലവു തുക ഇരട്ടിപ്പ് വന്നിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി 30.03.2022ൽ 27ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-30 സാംസ്കാരിക നിലയം നിർമ്മാണം - അപാകതകൾ

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം.തീയതി/ ചെക് നം തി. |
|---|---|---|---|---|
| സാംസ്കാരിക നിലയം നിർമ്മാണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 76/ 20-21 | ₹1,21,539/- (വികസന ഫണ്ട്) | ₹1,21,539/- ബിൽ നം161/27.3.2020 (Spill Over) |

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മാണം നടത്തുന്നതിനായി 2020-21 വർഷം 1,21,539/- രൂപ ചെലവഴിച്ചിട്ടുണ്ട്. എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള അംഗൻവാടി കെട്ടിടത്തിന്റെ മുകളിൽ സാംസ്കാരിക നിലയം നിർമ്മാണം നടത്തുന്നതിനായി ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിന്റെ അംഗൻവാടി കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് സാംസ്കാരിക നിലയം നിർമ്മാണം നടത്തിയിട്ടുള്ളത്. ഇത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
2) എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് മുഖേന ഈ പ്രവൃത്തി നിർവ്വഹണം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
3) 2016-17 ൽ ആരംഭിച്ച ഈ പ്രവൃത്തിയുടെ ഇലക്ട്രിഫിക്കേഷൻ, പ്ലബിംഗ് പ്രവൃത്തികൾ നടത്തി നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആകെ ചെലവഴിച്ച തുകയുടെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

ഈ പ്രവൃത്തി സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 29.03.2022ൽ നൽകിയ 18ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം/രേഖകൾ ലഭ്യമാക്കുന്നതു വരെ 1,21,539/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ).നം 11/2018/തസ്വഭവ/29.01.2018 ഖണ്ഡിക 7.16 (ബി) പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. കൂടാതെ കുടിവെള്ള പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതിയുടെ ചുമതലയായിരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പണി ആരംഭിച്ച/പൂർത്തീകരിച്ച കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റെയും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ ലഭ്യമല്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/28.03.2022) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ടെണ്ടർ നടപടികളിലൂടെയാണ് എല്ലാ മരാമത്ത് പ്രവൃത്തികളും നടത്തുന്നതെന്നും പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള കരാർ വ്യവസ്ഥകളാണ് ഈ കാര്യാലയത്തിൽ പാലിക്കുന്നതെന്നും വിശദീകരിച്ചു. എന്നാൽ പദ്ധതി മാർഗ രേഖ പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് വ്യക്തമാക്കിയിരിക്കെ ആയതിൽ നിന്നും വ്യതിചലിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയത് ശരിയായ നടപടിയല്ല. ആയതിനാൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-32 കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക/ ബിൽ നം തിയതി/ചെക്ക് നം തി. |
|---|---|---|---|---|
| കുന്നേത്ത് കുടിവെള്ള പദ്ധതി | അസിസ്റ്റന്റ് എൻജിനീയർ | 68/ 20-21 | ₹20,43,260/- (SCP) | 1) 11,43,260/- ബിൽ നം 52/25.5.20.<br>2)7,93,157/- ബിൽ നം361/27.3.2021 |
| ആകെ ചെലവ് (20-21 വർഷം) | | | | 19,36,417/- |

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം 23 ലക്ഷം അടങ്കൽ തുകയ്ക്ക് ആരംഭിച്ച പ്രവൃത്തിയാണ് ഇത്. 2020-21 വർഷം 19,36,417/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി നിർവ്വഹണം ചെയ്തത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) 2018-19 വർഷം ആരംഭിച്ച കുടിവെള്ള പദ്ധതി (11 മാസമായിരുന്നു പൂർത്തീകരണ കാലാവധി) പൂർത്തീകരിച്ച് ഉപയോഗയോഗ്യമായതിന്റെ വിശദാംശം ഫയലിൽ ഇല്ല.

2) ഈ പദ്ധതി മുഖേന വാട്ടർ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം/വാട്ടർ കണക്ഷൻ നല്കിയെന്ന മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3) കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച വിശദാംശം ഫയലിൽ ഇല്ല.

ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 26.03.2022) മറുപടിയായി ടി പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഭൗതികലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-33 സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സി.എച്ച്.സി-കളിൽ (കീച്ചേരി, മുളന്തുരുത്തി) ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ മുഖേന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് | 149/21, കീച്ചേരി സി.എച്ച്.സി-യിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| അടങ്കൽ | 100000/-<br>75000/- ധനകാര്യകമ്മീഷൻ അവാർഡ്<br>25000/- തനത് ഫണ്ട് |
| ചെലവ് | 99710/-<br>75000/- ധനകാര്യകമ്മീഷൻ അവാർഡ് (1211/07.04.2021)<br>24710/- തനത് ഫണ്ട് (02113932/29.03.2021) |

2.

| | |
|---|---|
| പ്രോജക്ട് | 150/21 മുളന്തുരുത്തി സി.എച്ച്.സി-യിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ, ചെലവ് | 300000/- 299500/- |

| | |
|---|---|
| ചെലവ് | 75000/- ധനകാര്യകമ്മീഷൻ അവാർഡ് (62/28.03.2021)<br>204500/- തനത് ഫണ്ട് (5481346/26.03.2021)<br>20000/- വികസന ഫണ്ട് (69/28.03.2021 ) |

മേൽ പദ്ധതികൾ പ്രകാരം KSIEയിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.12.14ലെ 71875/ DC1/2014 നമ്പർ സർക്കുലർ അനുസരിച്ച് ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയും ശുപാർശയും ശേഷവും സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവുമാണ് തദ്ദേശസ്ഥാപനങ്ങൾ ഇത്തരം മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത്. സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് കൊണ്ട് 30.03.2022 ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കുലറിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-34 രേഖപ്പെടുത്തിയ ജി.എസ്.ടി നിരക്കിനേക്കാൾ അധികതുക ബില്ലിൽ ഈടാക്കി

| | |
|---|---|
| പ്രോജക്റ്റ് നം. ,പേര് | 129/2020, മുളന്തുരുത്തി സി.എച്ച്.സി.യിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ, ഫണ്ട് | 300000, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം, തീയതി, ചെലവ് തുക | 45/20-21.13.01.2021, ₹ 2,50,000/-<br>5481346 (ചെക്ക് നം) തീയതി. 26.03.2021, തുക ₹50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുളന്തുരുത്തി |

2019-20 ൽ 152/20 എന്ന നമ്പറിൽ മുളന്തുരുത്തി സി.എച്ച്.സിയിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്റ്റ് ആവിഷ്ക്കരിക്കുകയും, ആയത് സ്പിൽ ഓവറായി മേൽ സൂചിപ്പിച്ച പ്രകാരം 20-21ൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുമുണ്ട്. ടെണ്ടർ നടപടികളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ എം.എസ് ഫുട് പ്രിന്റ് ഫിസിക്കൽ തെറാപ്പി & റിഹാബിലിറ്റേഷൻ സെന്റർ എന്ന സ്ഥാപനമാണ് ഉപകരണങ്ങൾ ലഭ്യമാക്കിയത്. എന്നാൽ ടി സ്ഥാപനം 29.06.2020ൽ 123ാം നമ്പർ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ബില്ലിൽ 12% ജി.എസ്.ടി. ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. (2,34,767+31,505 (G.S.T) = 2,66,270). സി.എച്ച്.സി.യിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങിയയിനത്തിൽ 2,34,767/- രൂപയും ആയതിന്റെ ജി.എസ്.ടി (12%) യായി 28172/- രൂപയുമുൾപ്പെടെ 2,62,939/- രൂപ മാത്രമേ വരുന്നുള്ളൂ. ഇൻവോയ്സിൽ പ്രത്യേകമായി ഫ്ലഡ് സെസ് കാണിച്ചിട്ടില്ല. എന്നാൽ 12% ജി.എസ്.ടി.യായി സ്ഥാപനം ബില്ലിൽ രേഖപ്പെടുത്തിയ തുക 31,503/- രൂപയാണ്. അധികമായി 3,331/- രൂപ ജി.എസ്.ടി. ഇനത്തിൽ നല്കിയിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-35 കമ്മിറ്റി തീരുമാനമില്ലാതെ യന്ത്രസാമഗ്രികൾ അധിക വിലയ്ക്ക് വാങ്ങി

| | |
|---|---|
| പ്രോജക്റ്റ്.നം ,പേര് | 119/2020, മുളന്തുരുത്തി സി.എച്ച്.സി.യിലേക്ക് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ, ഫണ്ട് | 3,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് ,<br>60,000/- തനത് ഫണ്ട്വാർഡ് മെമ്പറുടെ സാക്ഷ്യപത്രം |
| ബിൽ നം, തീയതി ചെലവ് തുക | 61/20-21.28.03.2021, ₹ 3,00,000/-<br>5481346 (ചെക്ക് നം) തീയതി. 26.03.2021, തുക 60,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുളന്തുരുത്തി |

മുളന്തുരുത്തി സി.എച്ച്.സി.യിൽ രോഗികൾ ഉപയോഗിക്കുന്ന തുണിത്തരങ്ങൾ വൃത്തിയാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി മേൽ സൂചിപ്പിച്ച പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

1) മേൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് (ഫയൽ നം 143/2020) ഉപകരണങ്ങൾ വാങ്ങുന്നതിനായി 27.08.2020 ൽ ടെണ്ടർ പരസ്യം നല്കിയെങ്കിലും ടെണ്ടർ ഒന്നുംതന്നെ ലഭിക്കാതിരുന്നതിനാൽ 22.09.2020 ൽ റീടെണ്ടർ നല്കി. 25. കിലോ ഗ്രാം ശേഷിയുള്ള പവർ ലോൺടി മെഷീൻ , 15 കിലോഗ്രാം ശേഷിയുള്ള ഹൈഡ്രോ എക്സ്ട്രാക്ടർ എന്നീ ഉപകരണങ്ങൾ നല്കുന്നതിനായി എം.എസ് ശ്രീറാം ഇൻഡസ്ട്രീസ്, കാഞ്ഞൂർ.പി.ഒ, കാലടി എന്ന സ്ഥാപനം( നികുതി കൂടാതെ) 1,70,000/- രൂപ , 80,000/- രൂപ (ആകെ 2,50,000) എന്നിങ്ങനെയും, എം.എസ് ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്, ആലുവ എന്ന സ്ഥാപനം 1,50,000/- രൂപ, 70,000/- രൂപ (എല്ലാ നികുതികളും ഉൾപ്പെടെ 2,20,000/- രൂപ) എന്നിങ്ങനെയും ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തിട്ടുള്ള എം.എസ് ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്, ആലുവ എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നല്കാതെ പിന്നെയും റീ-ടെണ്ടർ ചെയ്തു (കമ്മറ്റി തീരുമാനമില്ലാതെ). ടി സ്ഥാപനം 02.01.2021 ൽ ലഭ്യമാക്കിയ 27ാം നമ്പർ ഇൻവോയ്സ് പ്രകാരം 25. കിലോഗ്രാം ശേഷിയുള്ള പവർ ലോൺടി മെഷീന് 2,70,000/- രൂപയും 15 കിലോഗ്രാം ശേഷിയുള്ള ഹൈഡ്രോ

എക്സ്ട്രാക്ടർ 80,000/- രൂപയും അനുവദിച്ച് 3,50,000/- രൂപ ആകെ നല്കിയിട്ടുണ്ട്. 10,000/- രൂപയ്ക്ക് അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഏറ്റവും കറവ് തുക രേഖപ്പെടുത്തിയ എം.എസ്. ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്, ബൈപ്പാസ്, ആലുവ എന്ന സ്ഥാപനത്തിന് തന്നെ ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സ്ഥാപനം രേഖപ്പെടുത്തിയ തുകയേക്കാൾ അധികമായി 1,30,000/- രൂപ നല്കിയതായി കാണുന്നു.

2) മേൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തിയിട്ടുള്ള വിവരമോ, തീരുമാനമോ ഫയലിൽ നിന്ന് ലഭ്യമല്ല.

ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 31.03.2022 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. എം.എസ് ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്, ബൈപ്പാസ്, ആലുവ ആദ്യം സമർപ്പിച്ച 220000/-രൂപയുടെ ടെണ്ടർ അംഗീകരിക്കാതെ റീടെണ്ടർ ചെയ്ത നടപടികൾക്ക് വ്യക്തതയില്ലാത്തതിനാലും, ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ആദ്യം ക്വാട്ട് ചെയ്ത തുക നല്കാതെ റീടെണ്ടർ ചെയ്ത് ഉപകരണങ്ങൾ വാങ്ങിയയിനത്തിൽ 1,30,000/- രൂപ അധികം നല്കിയിട്ടുള്ളതിനാലും പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-36 ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല പ്രോജക്റ്റുകൾ തയ്യാറാക്കുന്നു

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തയ്യാറാക്കണം (മരാമത്ത് ചട്ടം 3(1). കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ പ്ലംബിംങ് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തണം. ബഹുവർഷ പ്രോജക്റ്റുകളിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ അടങ്കലും മൊത്തം അടങ്കലിനു പുറമേ വെവ്വേറെ രേഖപ്പെടുത്തണം.

എന്നാൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിൽ ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല ഇനങ്ങൾക്കായി വിവിധ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) സി.എച്ച്. സി. കെട്ടിടം

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക |
|---|---|---|---|
| മുളന്തുരുത്തി സി.എച്ച്. സി കെട്ടിടം പുനരുദ്ധാരണം | 49/20-21 | 1)600000/- രൂപ. (തനത് ഫണ്ട്-500000 ; റോഡിതരം -100000) | 1)432608/-രൂപ. (തനത് ഫണ്ട്-432608 ) |
| മുളന്തുരുത്തി സി.എച്ച്. സി അടിസ്ഥാന സൌകര്യമൊരുക്കൽ | 73/ 20-21 | 1)650000/-രൂപ. പൊതു വിഭാഗം സാധാരണ വിഹിതം-500000 ;തനത് ഫണ്ട്-150000) | 1)612256/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-500000; തനത് ഫണ്ട്-112256) |
| സി.എച്ച്. സി മുളന്തുരുത്തിയിൽ ടോയ് ലറ്റ് നവീകരണം | 93/ 20-21 | 1)500000/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-227928 ;മറ്റുള്ളവ -272072) | 1)227928/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-227928) |
| സി.എച്ച്. സി മുളന്തുരുത്തിയിൽ ടോയ് ലറ്റ്കമ്പോസ്റ്റ് പിറ്റ് | 135/20-21 | 1)250000/-രൂപ. (ധനകാര്യ കമ്മിഷൻ അവാർഡ്-200000;തനത് ഫണ്ട്-50000) | 1)238290/-രൂപ. (ധനകാര്യ കമ്മിഷൻ അവാർഡ്-200000;തനത് ഫണ്ട്-38290) |
| സി.എച്ച്. സി മുളന്തുരുത്തി ഇമേജ്- ഫൈനൽ പോയിന്റ് | 136/20-21 | 1)350000/-രൂപ. (ധനകാര്യ കമ്മിഷൻ അവാർഡ്-300000;തനത് ഫണ്ട്-50000) | 1)347687/-രൂപ. (ധനകാര്യ കമ്മിഷൻ അവാർഡ്-300000;തനത് ഫണ്ട്-47687) |
| സി.എച്ച്. സി മുളന്തുരുത്തിയിൽ ഡെന്റൽ ലാബ് | 137/20-21 | 1)85000/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-8500 | 1)39590/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-39590/-) |
| മാമോഗ്രാം യൂണിറ്റ് സി.എച്ച്. സി മുളന്തുരുത്തി കെട്ടിട നിർമ്മാണം | 69/20-21 | 1)3000001/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം- 1500000 ; മറ്റ് ജില്ലാ പഞ്ചായത്ത്-1500000) | 1)1379415/-രൂപ. (പൊതു വിഭാഗം സാധാരണ വിഹിതം-175007 ; |

| | | | |
|---|---|---|---|
| | | | മറ്റ് ജില്ലാ പഞ്ചായത്ത്-1204408) |
| സി.എച്ച്. സി മുളന്തുരുത്തിയിൽ മാമോഗ്രാം യൂണിറ്റ് കെട്ടിട നിർമ്മാണം | 154/20-21 | 1)300000/- രൂപ. (തനത് ഫണ്ട്-300000 ) | 1)299166/- രൂപ. (തനത് ഫണ്ട്-299166 ) |

2) ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടത്തിൽ നവീകരണ പ്രവർത്തനങ്ങൾ

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിൽ നവീകരണ പ്രവർത്തനങ്ങൾ(SO) | 111/20-21 | 1)1051860/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം- 1000000 ;<br>തനത് ഫണ്ട്-51860) | 1051576/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം- 1000000 ;<br>തനത് ഫണ്ട്-51576) |
| ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിൽ നവീകരണ പ്രവർത്തനം (രണ്ടാം ഘട്ടം) | 115/20-21 | 1)1500000/-രൂപ.<br>(ധനകാര്യ കമ്മിഷൻ അവാർഡ്-1499390; തനത് ഫണ്ട്-610) | 1)1499390/-രൂപ.<br>(ധനകാര്യ കമ്മിഷൻ അവാർഡ്-1499390; |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ റെക്കോഡ് റൂം നവീകരണം | 116/20-21 | 1)500000/-രൂപ.<br>(ധനകാര്യ കമ്മിഷൻ അവാർഡ്-1499390; തനത് ഫണ്ട്-610) | 1)1499390/-രൂപ.<br>(ധനകാര്യ കമ്മിഷൻ അവാർഡ്-1499390) |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം പെയിന്റിംഗ് | 117/20-21 | 1)500000/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-200000; ധനകാര്യ കമ്മിഷൻ അവാർഡ്-300000) | 1)490354/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-190354;<br>ധനകാര്യ കമ്മിഷൻ അവാർഡ്-300000) |

3) അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വർക്ക്

| പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ നം/ വർഷം | അടങ്കൽ തുക / ഫണ്ട് | ചെലവ് തുകി |
|---|---|---|---|
| അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വർക്ക് ഷെഡ് | 70/20-21 | 1)790485/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-790484;തനത് ഫണ്ട്-1) | 1)790484/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-) |
| അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടം പൂർത്തീകരണം | 139/20-21 | 1)500000/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-200000; ധനകാര്യ കമ്മിഷൻ അവാർഡ്-200000<br>തനത് ഫണ്ട്-100000) | 1)268887/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-200000; ധനകാര്യ കമ്മിഷൻ അവാർഡ്-68887) |
| അരയങ്കാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടം പൂർത്തീകരണംസമഗ്ര വികസനം(so) | 84/20-21 | 1)960453/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-900000;തനത് ഫണ്ട്-60453) | 1)960453/- രൂപ.<br>(പൊതു വിഭാഗം സാധാരണ വിഹിതം-900000;തനത് ഫണ്ട്-60453) |

ഒരു പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ പല ഇനങ്ങൾക്കായി വിവിധ പ്രോജക്ടുകൾ തയ്യാറാക്കിയ നടപടി പുനപരിശോധിക്കേണ്ടതും തുക ഇരട്ടിപ്പ് വന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രോജക്ടുകൾ ക്ക് മുൻവർഷങ്ങളിലും ഇതുപോലെ ചെലവു വന്നിട്ടുണ്ട്. ഇത്തരം നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 രേഖപ്പെടുത്തിയ ജി.എസ്.ടി നിരക്കിനേക്കാൾ അധികതുക ബില്ലിൽ ഈടാക്കി

| | |
|---|---|
| പ്രോജറ്റ് നം ,പേര് | 129/2020, മുളന്തുരുത്തി സി.എച്ച്.സി.യിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ, ഫണ്ട് | 3,00,000/- , ധനകാര്യക്കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം, തീയതി,ചെലവ് തുക | 45/20-21.13.01.2021, ₹2,50,000/-,<br>5481346 (ചെക്ക് നം) തീ. 26.03.2021, തുക 50,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി .മുളന്തുരുത്തി |

2019-20 ൽ 152/20എന്ന നമ്പറിൽ മുളന്തുരുത്തി സി.എച്ച്.സി.യിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് ആവിഷ്കരിക്കുകയും, ആയത് സ്പിൽ ഓവറായി മേൽ സൂചിപ്പിച്ച പ്രകാരം 20-21ൽ പ്രോജക്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ എം.എസ്. ഫുട് പ്രിന്റ് ഫിസിക്കൽ തെറാപ്പി & റിഹാബിലിറ്റേഷൻ സെന്റർ എന്ന സ്ഥാപനമാണ് ഉപകരണങ്ങൾ ലഭ്യമാക്കിയത്. എന്നാൽ ടി സ്ഥാപനം 29.06.2020ൽ 123ാം നമ്പർ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ബില്ലിൽ 12% ജി.എസ്.ടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (2,34,767+31,505 (G.S.T) = 2,66,270). സി.എച്ച്.സിയിലെ ഫിസിയോ തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങിയയിനത്തിൽ 234767 രൂപയും ആയതിന്റെ ജി.എസ്.ടി (12%) യായി 28,172/- രൂപയുമുൾപ്പെടെ 2,62,939/- രൂപ മാത്രമേ വരുന്നുള്ളു. ഇൻവോയ്സിൽ പ്രത്യേകമായി ഫ്ലെഡ് സെസ് കാണിച്ചിട്ടില്ല. എന്നാൽ 12% ജി.എസ്.ടിയായി സ്ഥാപനം ബില്ലിൽ രേഖപ്പെടുത്തിയ തുക 31,503/- രൂപയാണ്. അധികമായി 3,331/-രൂപ ജി.എസ്.ടിയിനത്തിൽ നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 31.03.2022 ൽ നല്കിയ 23ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ അധിക തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവിനത്തിൽ നഷ്ടം വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

### 3-2 കമ്മറ്റി തീരുമാനമില്ലാതെ യന്ത്രസാമഗ്രികൾ അധിക വിലയ്ക്ക് വാങ്ങി

| | |
|---|---|
| പ്രോജറ്റ് നം ,പേര് | 119/2020,മുളന്തുരുത്തി സി.എച്ച്.സി.യിലേക്ക് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കുള്ള യന്ത്ര സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ, ഫണ്ട് | 300000, ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ,60000 തനത് ഫണ്ട് |
| ബിൽ നം, തീയതി ചെലവ് തുക | 61/20-21.28.03.2021, ₹3,00,000/-<br>5481346(ചെക്ക് നം) തീ.26.03.2021, തുക 60,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. മുളന്തുരുത്തി |

മുളന്തുരുത്തി സി.എച്ച്.സി.യിൽ രോഗികൾ ഉപയോഗിക്കുന്ന തുണിത്തരങ്ങൾ വൃത്തിയാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി മേൽ സൂചിപ്പിച്ച പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

1) മേൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് (ഫയൽ നം 143/2020) ഉപകരണങ്ങൾ വാങ്ങുന്നതിനായി 27.08.2020 ൽ ടെണ്ടർ പരസ്യം നല്കിയെങ്കിലും ടെണ്ടർ ഒന്നുംതന്നെ ലഭിക്കാതിരുന്നതിനാൽ 22.09.2020 ൽ റീ-ടെണ്ടർ നല്കി. 25 കിലോഗ്രാം ശേഷിയുള്ള പവർ ലോൺട്രി മെഷീൻ , 15 കിലോഗ്രാം ശേഷിയുള്ള ഹൈഡ്രോ എക്സ്ട്രാക്ടർ എന്നീ ഉപകരണങ്ങൾ നല്കുന്നതിനായി എം.എസ് ശ്രീറാം ഇൻഡസ്ട്രീസ്, കാഞ്ഞൂർ.പി.ഒ., കാലടി എന്ന സ്ഥാപനം ( നികുതി കൂടാതെ) 1,70,000 /-രൂപ, 80,000/-രൂപ (ആകെ 2,50,000/-) എന്നിങ്ങനെയും, എം.എസ്. ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്, ആലുവ 1,50,000/- രൂപ, 70,000/- രൂപ (എല്ലാ നികുതികളും ഉൾപ്പെടെ 2,20,000/- രൂപ) എന്നിങ്ങനെയും ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തിട്ടുള്ള എം.എസ്. ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്, ആലുവ എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നല്കാതെ പിന്നെയും റീ-ടെണ്ടർ ചെയ്തു (കമ്മറ്റി തീരുമാനമില്ലാതെ). റീ-ടെണ്ടറിൽ ആൽഫാ ഇൻഡസ്ട്രീസ് മാത്രം പങ്കെടുക്കുകയും, ടി സ്ഥാപനം 02.01.2021ൽ ലഭ്യമാക്കിയ 27ാം നമ്പർ ഇൻവോയ്സ് പ്രകാരം 25 കിലോ ഗ്രാം ശേഷിയുള്ള പവർ ലോൺട്രി മെഷീന് 2,70,000/- രൂപയും 15 കിലോ ഗ്രാം ശേഷിയുള്ള ഹൈഡ്രോ എക്സ്ട്രാക്ടർ 80,000/- രൂപയും അനുവദിച്ച് 3,50,000/- രൂപ ആകെ നല്കിയിട്ടുണ്ട്. 10,000/- രൂപയ്ക്ക് അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ എം. എസ്. ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്,ആലുവ എന്ന സ്ഥാപനത്തിന് തന്നെ ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സ്ഥാപനം രേഖപ്പെടുത്തിയ തുകയേക്കാൾ അധികമായി 1,30,000/- രൂപ നല്കിയതായി കാണുന്നു.

2) മേൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തിയിട്ടുള്ള വിവരമോ, തീരുമാനമോ ഫയലിൽ നിന്ന് ലഭ്യമല്ല.

ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 31.03.2022 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. എം.എസ്. ആൽഫാ ഇൻഡസ്ട്രീസ്, എൻ.എച്ച്. ബൈപ്പാസ്, ആലുവ ആദ്യം സമർപ്പിച്ച 2,20,000/- രൂപയുടെ ടെണ്ടർ അംഗീകരിക്കാതെ റീ-ടെണ്ടർ ചെയ്ത നടപടികൾക്ക് വ്യക്തതയില്ലാത്തതിനാലും, ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ആദ്യം ക്വോട്ട് ചെയ്ത തുക നല്കാതെ റീ-ടെണ്ടർ ചെയ്ത് ഉപകരണങ്ങൾ വാങ്ങിയയിനത്തിൽ 1,30,000/- രൂപ അധികം നല്കിയതിനാലും പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 2020-21 ഓഡിറ്റിനോടൊപ്പമാണ് കണക്കുകൾ പരിശോധിച്ചത് |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 12,04,408 | സി.എച്ച്.സി.കളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ | 12,04,408 | 0 |
| | 2018-19 | 2,45,000 | | 0 | 2,45,000 |

3207002053ാംഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള സംയുക്ത പ്രോജക്ടുകൾക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം യൂണിയൻബാങ്ക്-IAYഅക്കൌണ്ടിലാണ്(1526)നിക്ഷേപിച്ചിട്ടുള്ളത്. ആയതിന്റെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ യഥാക്രമം 2,16,451/-രൂ, 33,700/-രൂ, 48,000/-രൂ, 2,02,151/-രൂ എന്നിങ്ങനെയാണ്. ഇതിൽ 33,700/-രൂപ പലിശയിനത്തിലുള്ള വരവും 48,000/-രൂപ ഭവനനിർമാണചെലവും ആണ്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട്.നം | ഖണ്ഡിക.നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്,ഉദ്യോഗപ്പേര് | രസീത്.നം, തീയതി |
|---|---|---|---|---|
| 2014-15 | 2-11 | 5470 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 8958154/18.11.20 |
| 2015-16 | 2-1-2 | 3244 | | |
| 2015-16 | 2-1-2 | 10524 | | |
| 2017-18 | 2-3-1 | 6526 | | |
| 2017-18 | 2-3-1 | 4165 | | |
| 2018-19 | 2-2 | 7709 | | |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതിപ്പണം പാഴായി. | WP(C)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,71,87,288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,48,66,073 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,33,331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,34,05,948 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3331 | ഡോ ഷാജി പി എസ്,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുളന്തുരുത്തി |
| 3-2 | - | 130000 | ഡോ ഷാജി പി എസ്,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മുളന്തുരുത്തി |
| ആകെ | | 133331 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(I) | 543756 | ശ്രീമതി സുജാത.കെ.സി., സെക്രട്ടറി (ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-16(II) | 136719 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(III) | 432219 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(IV) | 400000 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(V) | 500000 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(VI) | 300000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി(ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-16(VII) | 500000 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(VIII) | 100000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി(ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-16(IX) | 1000000 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(X) | 433564 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-16(XI) | 300000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി(ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-16(XII) | 500000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി(ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-16(XIII) | 500000 | ശ്രീമതി സുജാത.കെ.സി., സെക്രട്ടറി (ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| | 200000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി(ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-17 | 43831 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

| | | |
|---|---|---|
| 1-18 | 1718600 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-18 | 1100000 | ശ്രീമതി സതി.കെ.വി., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-18 | 660000 | ശ്രീമതി സുജാത.കെ.സി., സെക്രട്ടറി (ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-18-1 | 693200 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-18-1 | 600000 | ശ്രീമതി സുജാത.കെ.സി., സെക്രട്ടറി (ഇൻ-ചാർജ്), ബ്ലോക്ക് പഞ്ചായത്ത് |
| 1-18-1 | 1416600 | ശ്രീമതി സതി.കെ.വി., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-19 | 1000000 | ശ്രീമതി ഇന്ദു നായർ.പി., അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 1-26 | 105920 | ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-30 | 121539 | ശ്രീ.സന്തോഷ് കുമാർ.എസ്., അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| ആകെ | 13405948 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഗൗതമൻ ടി. സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ബി.ഡി.ഒ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | നം.17/27, തച്ചാരുപറമ്പിൽ, തൃപ്പൂണിത്തുറ |
| ശ്രീമതി സതി.കെ.വി സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | ബി.ഡി.ഒ, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | കടലാശ്ശേരിഹൗസ്, മഹാദേവ ക്ഷേത്രത്തിന് സമീപം, കിഴക്കുമുറി,തൃശ്ശൂർ |
| ശ്രീമതി സുജാത.കെ.സി സെക്രട്ടറി (ഇൻ ചാർജ്) ബ്ലോക്ക് പഞ്ചായത്ത് | ജോയിന്റ്ബി.ഡി.ഒ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | താഴപ്പാടത്ത്ഹൗസ്, വെളിയനാട് പി.ഒ, ആരക്കുന്നം |
| ശ്രീമതി ഇന്ദു നായർ.പി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | തിരുവോണം, ശ്രീപൂർണത്രയീശ റോഡ്,പൂണിത്തുറ പി.ഒ, എറണാകുളം |
| ശ്രീ സന്തോഷ് കുമാർ എസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | മംഗലത്ത് വീട്, വടക്കേവിള,കൊല്ലം |
| ഡോ ഷാജി പി എസ്,സി.എച്ച്.സി,മുളന്തുരുത്തി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മുളന്തുരുത്തി | സി 3 ജുവൽ പ്ലാനറ്റ്,വൈറ്റില ജംഗ്ക്ഷൻ, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2001-02 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2002-03 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1712/2021 തീ. 14.12.2021 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |

| | |
|---|---|
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 1991/14 തീ. 23.1.2015 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 266/15 തീ.16.5.2015 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2014-15 & 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2338/18/തീ. 07.06.2019 |
| 2017-18 | കെ.എസ്.എ ഇ.കെ.എം.(ബി.പി)341/2019/തീ. 01.01.2021 |
| 2018-19 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1547/2019 തീ. 09.12.2020 |
| 2019-20 | കെ.എസ്.എ ഇ.കെ.എം.(ബി.പി)908/2020 തീ. 04.12.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്